വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് - ഐ.സി.ഡി.എസ് - സക്ഷം അങ്കണവാടി നവീകരണം 2023-24- 1710 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയത്- നവീകരണത്തിന് ഇനി ആവശ്യമായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ കാര്യാലയത്തിലെ 29.08.2024 ലെ ഇതേ നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 22.10.2024, 13.12.2024, 13.01.2025, 29.01.2025, 10.02.2025,07.05.2025 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
3. പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള അപേക്ഷകൾ

**<u>ഉത്തരവ് നം. DWCD/1038/2023-ICDS A7 തീയതി 06-06-2025</u>**

2023-24 സാമ്പത്തിക വർഷം സക്ഷം അങ്കണവാടി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1710 അങ്കണവാടികൾ നവീകരിക്കുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുമതി നൽകിയും, ഫണ്ട് അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. നവീകരണാനുമതി നൽകിയ അങ്കണവാടികളിൽ സെന്റർ മാറ്റം ആവശ്യപ്പെട്ടിട്ടുള്ള അങ്കണവാടികൾക്ക് പരാമർശം (2) പ്രകാരം സെന്റർ മാറ്റവും അനുവദിച്ചിട്ടുണ്ട്.

സക്ഷം പദ്ധതി പ്രകാരം നവീകരണം നടത്തുന്നതിന് പരാമർശം (1),(2) പ്രകാരം തുക അനുവദിച്ച അങ്കണവാടികൾക്ക് നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം തുക അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം പ്രോഗ്രാം ഓഫീസർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് സക്ഷം പദ്ധതി പ്രകാരമുള്ള നവീകരണം പൂർത്തീകരിക്കുന്നതിന് 1,58,86,835/-(ഒരു കോടി അൻപത്തിയെട്ട് ലക്ഷത്തി എൺപത്താറായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി അങ്കണവാടികളുടെ നവീകരണത്തിനായി അനുവദിക്കുന്ന 1,58,86,835/-(ഒരു കോടി അൻപത്തിയെട്ട് ലക്ഷത്തി എൺപത്താറായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) Upgradation of Anganwadi Centre സ്കീമിനായി ( Scheme code-KL249 ) ICICI ബാങ്കിൽ ആരംഭിച്ചിട്ടുള്ള 195301000789 ( IFSC-ICIC0001953) എന്ന SNA അക്കൗണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് Component code [1.2] Upgradation of AWC to Saksham Anganwadi [KL] അനുസരിച്ച് അനുവദിക്കേണ്ടതും, ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസറുടെ ചൈൽഡ് അക്കൗണ്ടിലേക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

ശിശുവികസന പദ്ധതി ഓഫീസർമാർ അനുവദിച്ചിരിക്കുന്ന തുക വിനിയോഗിച്ച് സക്ഷം നവീകരണ പദ്ധതി പ്രകാരമുള്ള നവീകരണ പ്രവർത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും, ബില്ലുകൾ മാറി നൽകേണ്ടതുമാണ്. പ്രവർത്തികൾ പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർ കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ അവലോകനം നടത്തേണ്ടതും പുരോഗതി റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ് /-)

**വനിത ശിശുവികസന ഡയറക്ടർ**

ജില്ലാ വനിത ശിശുവികസന ഓഫീസർ

(കൊല്ലം, പത്തനംതിട്ട, ആലപ്പുഴ,ഇടുക്കി,

എറണാകുളം,പാലക്കാട്,കാസർഗോഡ്)

പകർപ്പ്:-

1. സൂപ്രണ്ട്,അക്കൗണ്ട് സെക്ഷൻ (തുക അനുവദിക്കുന്നതിനായി)

2.ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്.

3.ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്.

ഉത്തരവിൻ പ്രകാരം

Sindu

സൂപ്രണ്ട്

File No.: DWCD/1038/2023-ICDSA7 06-06-2025

**അനുബന്ധം**

| ജില്ല | പ്രോജക്ട് | അനുവദിച്ച തുക | വിനിയോഗിച്ച തുക | ബാക്കി തുക | നവീകരണം പൂർത്തീകരിക്കുന്നതിന് അനുവദിക്കുന്ന തുക. |
|---|---|---|---|---|---|
| കൊല്ലം | പുനലൂർ അർബൻ | 2,00,000 | 1,72,165 | 27,835 | 27,835 |
| കൊല്ലം | വെട്ടിക്കവല അഡീഷണൽ | 2,00,000 | 1,96,000 | 4,000 | 4,000 |
| പത്തനംതിട്ട | റാന്നി | 3,00,000 | 2,77,623 | 22,377 | 22,377 |
| ആലപ്പുഴ | ആലപ്പുഴ അർബൻ | 2,00,000 | 1,79,000 | 21,000 | 21,000 |
| ആലപ്പുഴ | മുതുകുളം | 5,00,000 | 4,84,419 | 15,581 | 15,581 |
| ആലപ്പുഴ | വെളിയനാട് | 3,00,000 | 2,23,770 | 76,230 | 76,230 |
| ഇടുക്കി | അഴുത | 95,00,000 | 81,50,923 | 13,49,077 | 13,49,077 |
| ഇടുക്കി | അഴുത അഡീഷണൽ | 69,00,000 | 61,29,580 | 7,70,420 | 7,70,420 |
| ഇടുക്കി | ദേവികുളം | 49,00,000 | 19,75,350 | 29,24,650 | 29,24,650 |
| ഇടുക്കി | ദേവികുളം അഡീഷണൽ | 81,00,000 | 1,75,344 | 79,24,656 | 79,24,656 |
| ഇടുക്കി | ഇളംദേശം | 3,00,000 | 2,79,417 | 20,583 | 20,583 |
| എറണാകുളം | മൂവാറ്റുപുഴ | 1,00,000 | 78,384 | 21,616 | 21,616 |
| പാലക്കാട് | കൊല്ലങ്കോട് | 1,42,00,000 | 1,30,66,633 | 11,33,367 | 11,00,000 |
| പാലക്കാട് | നെന്മാറ അഡീഷണൽ | 2,00,000 | 1,73,873 | 26,127 | 26,127 |
| കാസർഗോഡ് | കാഞ്ഞങ്ങാട് അഡീഷണൽ | 1,00,000 | 69,651 | 30,349 | 30,349 |
| കാസർഗോഡ് | കാസർഗോഡ് അഡീഷണൽ | 3,00,000 | 2,81,229 | 18,771 | 18,771 |
| കാസർഗോഡ് | പരപ്പ അഡീഷണൽ | 1,02,00,000 | 50,47,029 | 51,52,971 | 15,25,563 |
| കാസർഗോഡ് | നീലേശ്വരം അഡീഷണൽ | 4,00,000 | 3,59,726 | 40,274 | 8,000 |
| ആകെ | | | | | **1,58,86,835/-** |

(ഒരു കോടി അൻപത്തിയെട്ട് ലക്ഷത്തി എൺപത്താറായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം)

HARITHA V KUMAR, DIRECTOR D W C D, O/o Director DWCD

**വനിത ശിശുവികസന ഡയറക്ടർ**

DWCD/1038/2023-ICDSA7

06-06-2025

# ABSTRACT

| ക്രമ.നം. | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | കൊല്ലം | 31,835 |
| 2 | പത്തനംതിട്ട | 22,377 |
| 3 | ആലപ്പുഴ | 1,12,811 |
| 4 | ഇടുക്കി | 1,29,89,386 |
| 5 | എറണാകുളം | 21,616 |
| 6 | പാലക്കാട് | A11,26,127 |
| 7 | കാസർഗോഡ് | 15,82,683 |
| | ആകെ | 1,58,86,835/- |

(ഒരു കോടി അൻപത്തിയെട്ട് ലക്ഷത്തി എൺപത്താറായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം)

HARITHA V KUMAR, DIRECTOR D W C D, O/o Director DWCD

**വനിത ശിശുവികസന ഡയറക്ടർ**